**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2284 12.02.2020-ലെ മറുപടിക്ക്**

**സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് നടപടി**

**ചോദ്യം** | **മറുപടി**

**ശ്രീ.പി.കെ.ബഷീർ**

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ; | നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.<br>2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി. |

| | | |
|---|---|---|
| | | 4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. |
| (ബി) | സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915/- കോടി രൂപയാണ്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ പബ്ലിക് അക്കൗണ്ട് കണക്കിലെടുത്ത് അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ചിട്ടുള്ളതാണെന്ന നിലപാടിൽ 2019-20 ലെ കടമെടുപ്പ് പരിധിയായ 24,915/- കോടി രൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. |
| (സി) | ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മൂലം എന്തെല്ലാം പ്രവൃത്തികളാണ് വെട്ടിച്ചുരുക്കേണ്ടി വന്നിട്ടുള്ളത്; വ്യക്തമാക്കുമോ; | നിലവിലെ സാമ്പത്തിക ഞെരുക്കം കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ പദ്ധതി അടങ്കൽ 30% വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിരുന്നു. |
| (ഡി) | കരാറുകാരുടെ ബിൽ തുകയിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; ഇവ കൊടുക്കാനായി സ്വീകരിച്ച | ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാ ക്രമം പാലിച്ച് പൊതുമരാമത്ത്, ജലവിഭവം എന്നീ |

<table>
<tr>
<td></td>
<td>നടപടികൾ എന്തെല്ലാമാണ്?</td>
<td>വകുപ്പുകളുമായി ബന്ധപ്പെട്ട കരാറുകാരുടെ 2019 മാർച്ച് 31 വരെയുള്ള ബില്ലുകളുടെ തുക ഇതിനകം തന്നെ മാറി നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് 31 വരെയുള്ള ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെ പറയും പ്രകാരം സമയ ക്രമം നിശ്ചയിച്ചിട്ടുണ്ട്.
<table>
<tr><th>കുടിശ്ശിക കാലയളവ്</th><th>തുക നൽകുന്ന തീയതി</th></tr>
<tr><td>ഏപ്രിൽ 2019</td><td>21.04.2020</td></tr>
<tr><td>മേയ് 2019</td><td>19.05.2020</td></tr>
<tr><td>ജൂൺ 2019</td><td>23.06.2020</td></tr>
<tr><td>ജൂലൈ 2019</td><td>20.07.2020</td></tr>
<tr><td>ആഗസ്റ്റ് 2019</td><td>17.08.2020</td></tr>
</table>
മേൽ പ്രകാരമുള്ള സമയക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ഉടനടി മാറുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴിയുള്ള സൗകര്യവും കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**